പെപിത നോബ്ൾ

# കേരളം അങ്ങനെയും ഇങ്ങനെയും

(മലയാളം: ലേഖനം)

2013
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**Keralam Anganeyum Inganeyum**
Malayalam article
by **Pepita Noble**

Copyright ©2013 Pepita Noble

EPUB/PDF version published: 2013

These electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2012. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Akshara Vedi. The font used for Latin script and oldstyle numerals was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം

ഉള്ളടക്കം . . . iii

കേരളം അങ്ങനെയും ഇങ്ങനെയും . . . v

1 കേരളത്തിൽ നിന്നു മറയുന്ന കേരളം . . . 1

2 ഒരു മദാമ്മയുടെ കേരളം . . . 7

## കേരളം അങ്ങനെയും ഇങ്ങനെയും



കേരളത്തിന്റെ നന്ദിനിപ്പശുക്കളാണ് തെങ്ങുകൾ. കേരളം പീലിവിടർത്തുന്നതും പാൽ ചൊരിയുന്നതും തെങ്ങിലൂടെയാണ്. എന്നാൽ പരിഷ്കാരത്തിന്റെ മായയിൽപ്പെട്ട ഇന്നത്തെ കേരളം തെങ്ങുകൾ കാത്തുസൂക്ഷിച്ച ഐശ്വര്യത്തെ മറന്നുകൊണ്ടാണ് മുന്നോട്ടു പോകുന്നത്. ഇംഗ്ലീഷുകാരിയായ പെപിതാ നോബ്ൾ എഴുതിയ രണ്ട് ലേഖനങ്ങൾ നിങ്ങൾ ഇവിടെ വായിക്കാൻ പോകുന്നു. പഴയകാല കേരളീയ വസ്തുവിദ്യയുടെ മഹിമയും സൌന്ദര്യവും മനസ്സിൽ വാരിക്കൂടിച്ച് പെപിതാ നോബ്ൾ മനുഷ്യവംശത്തിന്റെ പ്രതിനിധിയായി നിന്നുകൊണ്ടു സംസാരിക്കുകയാണ്, പഴയ കെട്ടിടങ്ങളും പള്ളികളും ക്ഷേത്രങ്ങളും പൊളിച്ചു മാറ്റുന്ന നമ്മുടെ സൌന്ദര്യബോധത്തിനുനേരെ ഈ ഇംഗ്ലീഷുകാരി മനംനൊന്തു പ്രതിഷേധിക്കുന്നു. ആരാണ് പെപിതാ നോബ്ൾ എന്നറിയേണ്ടെ? പതിമ്മൂന്നുവർഷമായി അവർ കേരളക്കരയുമായി ആത്മാവുകൊണ്ട് അനുരാഗത്തിൽ കഴിയുകയാണ്. തൃശ്ശൂരിലെ പാറമേൽക്കാവുകാർ സ്നേഹാദരങ്ങളോടെ പെപിതയെ 'നമ്മുടെ മദാമ്മ' എന്നാണ് വിളിക്കാറ്. ഒരു പുസ്തകമെഴുതാൻ വേണ്ടിയാണ് 1972-ൽ അവർ ആദ്യമായി കേരളത്തിൽ വന്നത്. ഈ നാടിന്റെ സാംസ്കാരിക തേജസ്സ് അവരെ വശീകരിച്ചു. 74-ലും 76-ലും 77-ലുമൊക്കെ അവർ ഇവിടെ എത്തി. തന്നിൽ അവർ മലയാളമങ്കയ്ക്ക് ജന്മം നല്കി. നിസ്തുലമെന്ന് അവർ ആവേശപൂർവ്വം പറയുന്ന കേരള സാംസ്കാരത്തോട് ഇഴുകിക്കഴിയാൻ അവർ കൊതിച്ചു — ഒരു ഹിന്ദുവായി. ക്ഷേത്രപരിസരത്തെ വാരസ്യാരെപ്പോലെ മുണ്ടും നേരിയതും ധരിച്ച് ചന്ദനക്കുറിയും തൊട്ട്, കൈയിൽ തെച്ചിപ്പൂവുമായി ശ്രീകോവിലിനു മുമ്പിൽ മുട്ടുകുത്തി തൊഴുന്ന പെപിതാ എന്ന ഈ ലണ്ടൻകാരി ഇപ്പോൾ തൃശ്ശൂരുകാർക്ക് ഒരു വിസ്മയമേ അല്ല. ഹൈന്ദവാചാരങ്ങളേയും അനുഷ്ഠാനങ്ങളെയും പറ്റി പഠിച്ച് പുസ്തകമെഴുതാൻ വന്ന പെപിതാ നോബ്ൾ, ഇന്ന് അതിലുമപ്പുറം കേരളീയ ജീവിതരീതിയിൽ സ്വന്തം ജീവിതത്തിന് ഒരു ലക്ഷ്യം കണ്ടെത്തിയിരിക്കയാണ്. കേരളത്തെപ്പറ്റി ഇവിടെ പെപിത എഴുതുന്നത്

ഹൃദയത്തിലെ ചോരയിൽ തൊട്ടുകൊണ്ടാണ് — മാതൃഭൂമിയെക്കുറിച്ചല്ലെങ്കിൽ, പിതൃഭൂമിയെക്കുറിച്ച്. കേരളത്തിൽനിന്നു നഷ്ടപ്പെട്ടുപോകുന്ന കേരളത്തനിമയെക്കുറിച്ചുള്ള പെപിതയുടെ ചിന്ത എത്രമേൽ മനുഷ്യോചിതം!

മാഷ്

# 1

## കേരളത്തിൽ നിന്നു മറയുന്ന കേരളം

ഞാൻ ഇംഗ്ലീഷുകാരിയാണ്. ഇംഗ്ലണ്ടിൽ അങ്ങ്, ഉള്ളിലൊരു നാട്ടുമ്പുറത്തെ, അറുനൂറ് കൊല്ലത്തിലേറെ പഴക്കമുള്ള മനോഹരമായ ഒരു വീട്ടിന്റെ അവകാശിയും ഉടമയും എന്റെ പിതാവായിരുന്നു. എന്നിട്ടും, ആ വീട്ടിന്റെ ഒരു കല്ലുപോലും ഇളക്കി മാറ്റാൻ അദ്ദേഹത്തിന് അനുവാദമില്ലായിരുന്നു. അതിനു കാരണം, ആ വീട് അതുണ്ടായ കാലത്തെ വാസ്തുവിദ്യാസങ്കേതങ്ങളുടെ ഒരു ഉത്തമ ദൃഷ്ടാന്തമായി കരുതിയിരുന്നുവെന്നതാണ്. ഇരുളടഞ്ഞ കോണിപ്പടിയുടെ മുകളിലെങ്ങാനും ഒരു കൊച്ചു കിളിവാതിൽ ഘടിപ്പിക്കുവാൻ പോലും അദ്ദേഹത്തിന് അനുവാദമുണ്ടായിരുന്നില്ല. ഇത്തരം നിയന്ത്രണങ്ങൾ ഇംഗ്ലണ്ടിൽ ഒരു പുതുമയല്ല; പല കാലങ്ങളിലും, പല വലിപ്പങ്ങളിലും, പല വാസ്തുവിദ്യാശൈലികളിലും ഉള്ള കെട്ടിടങ്ങൾക്കൊക്കെ ഇത്തരം നിയന്ത്രണങ്ങൾ ബാധകവുമാണ്. ചില വീടുകളാകട്ടെ, പ്രാചീനതയുടെ ദിവ്യത്വം കല്പിക്കപ്പെടുന്നതാണ്. അവയുടെ പരിസരം പോലും സംരക്ഷിക്കപ്പെടുന്നു. ഒരു നിശ്ചിതപരിധിവിട്ടുമാത്രമേ, അത്തരം വീടുകൾക്കടുത്ത് കെട്ടിടം പണിയാവൂ. എല്ലാ നിർമ്മാണവേലകളും കർക്കശമായ നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. കെട്ടിടം പണിസംബന്ധിച്ച വ്യവസ്ഥകളെല്ലാം അണുപോലും തെറ്റിക്കാതെ പാലിക്കുന്നുവെങ്കിൽ മാത്രമേ കെട്ടിടമുണ്ടാക്കാൻ അനുമതി ലഭിക്കുകയുള്ളൂ. പഴയ കെട്ടിടങ്ങൾ പൊളിച്ചുകളയുന്നതിനോ, പുതുക്കിപ്പണിയുന്നതിനോ, പൊതുവെ എതിരാണ് ഇംഗ്ലീഷുകാർ. അത്തരം ഏതെങ്കിലുമൊരു കെട്ടിടത്തിന് ഭീഷണിയുണ്ടെന്നുകണ്ടാൽ ഉടനെതന്നെ പൊതുജനസമിതികൾ രൂപം കൊള്ളുകയായി. നാഷണൽ ട്രസ്റ്റ് എന്ന പേരിൽ ഇംഗ്ലണ്ടിൽ ഒരു സംഘടനയുണ്ട്— പ്രാചീനമോ മികവുറ്റതോ ആയ കെട്ടിടങ്ങൾക്ക് ഉടമകളില്ലാതെ വരുമ്പോഴോ, ഉടമകളുണ്ടെങ്കിലും അവർക്ക് പാങ്ങില്ലാതെ വരുമ്പോഴോ അവയെ പരിപാലിക്കാൻ. ഷെക്സ്പിയറുടേതുപോലുള്ള നിരവധി വിഖ്യാതഭവനങ്ങളും പ്രാചീന രാജഗേഹങ്ങളും ഇവ്വിധം രാഷ്ട്രത്തിനായി സംരക്ഷിക്കപ്പെടുന്നു. പഴയ കെട്ടിടങ്ങൾ അവയുടെ പഴയ ശൈലിയിൽത്തന്നെ പുതുക്കിപ്പണിയാൻ ഉടമകൾക്ക് പ്രാദേശികസമിതികൾ ധനസഹായം ചെയ്യുന്നതും വിരളമല്ല. തലമുറകളായി ഞങ്ങൾ ഇതേ

ഭവനത്തിലാണ് പാർക്കുന്നതെന്ന് പറഞ്ഞ് ഊറ്റം കൊള്ളുന്ന എത്രയോ കുടുംബങ്ങളുണ്ട്. തൊള്ളായിരത്തിലേറെ വർഷമായി ഒരേവീട്ടിൽ തലമുറകളായി കഴിയുന്ന ഒരു കുടുംബത്തെ എനിക്കറിയാം. പ്രാചീനവും മനോഹരവുമായ കെട്ടിടങ്ങളെ രക്ഷിക്കുന്നതിലും കാത്തുസൂക്ഷിക്കുന്നതിലും ഇതേ അഭിമാനവും ഇതേ നിയമങ്ങളും ഫ്രാൻസിലും സ്പെയിനിലും ഉണ്ട്. ഇറ്റലിയിലും ജർമ്മനിയിലും യൂറോപ്പിന്റെ സാംസ്കാരികസമ്പത്തിന്റെ ഒരു മുഖ്യഭാഗമെന്തെന്നോ? ഭദ്രമായി സംരക്ഷിക്കപ്പെടുന്ന അവിടത്തെ കൊട്ടാരങ്ങളും വീടുകളും ദേവാലയങ്ങളും ഭദ്രാസനപ്പള്ളികളുമാണ്. ഒരു പഴയ വീട് വിട്ട് ഒരു പുതിയ വീടിന് പിന്നാലെ അധികമാരും പോകാറില്ല. പഴയ പെരുന്തച്ചന്മാരുടെ ശിൽപ്പചാതുര്യമൊന്നും ഇന്നത്തെ പണിക്കാർക്കില്ല എന്നതാണ് ഇതിന് കാരണം. പഴയ സ്ഥപതിമാർ കെട്ടിടം പണിതപ്പോൾ മുന്നിൽ കണ്ടത് കാലാവസ്ഥയോ തൽക്കാലാവാശ്യങ്ങളോ മാത്രമല്ലെന്നും വരുംകാലപുരുഷാന്തരങ്ങളെക്കൂടി അവർ ഉദ്ദേശിച്ചിരുന്നുവെന്നും ആളുകൾക്കറിയാം.

പണ്ടേതോ കാലത്ത്, കേരളത്തിലാദ്യമായി കെട്ടിടങ്ങൾ ഉണ്ടായപ്പോൾ, അതുണ്ടാക്കിയവർ കണ്ടതും ഇതായിരുന്നു. പരിസരങ്ങളെയും ആവശ്യങ്ങളെയും കുറിച്ച് ഉള്ളിൽ തട്ടിയ ബോധം അവർക്കുണ്ടായിരുന്നു. അന്നത്തെ കെട്ടിടം പണിക്കാരൻ പണിക്കാവശ്യമായ വസ്തുക്കളെല്ലാം ഒപ്പിച്ചത് പ്രകൃതിയിൽ നിന്നായിരുന്നു. ഭൂമിയിൽനിന്ന് പിറന്ന അത്തരം വിടുകൾ ഭൂമിയോട് ഇണങ്ങിത്തന്നെ നിന്നു. പ്രകൃതിയുടെ ഋതുഭാവങ്ങളോട് കൈയോടു കൈ ചേർന്ന് നിന്ന അന്നത്തെ ആളുകൾ പ്രകൃതിയുടെ ശാസനകൾക്ക് ഇണങ്ങും വിധം തങ്ങളുടെ സ്വന്തം ജീവിതം കൊണ്ടുപോയി. പകരം അവർക്ക് പ്രകൃതിയുടെ ഉദാരമായ വരദാനങ്ങൾ കിട്ടി. സമൂഹത്തിന് ഏതാണ്ടൊരു രൂപം ഉരുത്തിരിഞ്ഞു വന്നപ്പോഴേക്കും കേരളത്തിൽ ഋതുക്കൾക്കിണങ്ങിയ വീടുകൾ ഉയർന്നുകഴിഞ്ഞിരുന്നു. ഈ ശില്പശൈലിയുടെ സവിശേഷതകളിലൊന്ന് അതിന്റെ എളിമയാണ്. അതിന് മറ്റൊരു പ്രത്യേകതയുണ്ട്. പ്രശാന്തതയും സൌന്ദര്യസ്നിഗ്ദ്ധതയും പകരുന്ന രേഖാദാർഢ്യം. പാർപ്പിടം പണിയുന്ന സാമഗ്രികൾകൊണ്ട് തീർത്ത ക്ഷേത്രങ്ങൾക്ക്പോലും അവിശ്വസനീയമായ ഒരു ലാളിത്യമുണ്ട്. ഈ ക്ഷേത്രങ്ങൾക്കുമുണ്ട് പരിസരങ്ങളോടുള്ള അസാധാരണമായ മമതാബോധം. അവയെ ഒരു ദേവാലയമാക്കി ഉയർത്തുന്നത് ഒരു കൊത്തുപണിയുടെ ചാതുര്യമോ മണ്ണിന്റെ നിറമുള്ള ഒരു ചുവർചിത്രത്തിന്റെ സങ്കീർണ്ണരേഖകളോ മാത്രമാണ്. വെയിലിന്റെ ചൂളച്ചൂടിലും അവിയുന്ന ഉഷ്ണത്തിലും എടുത്തുചൊരിയുന്ന മഴയിലും സ്വാസ്ഥ്യവും അഭയവും പാർപ്പുകാർക്ക് തീർച്ചയാക്കിക്കൊണ്ടായിരുന്നു ആ പഴയ സ്ഥപതിമാർ കേരളത്തിലെ വീടുകൾ — മതഭവനങ്ങളായാലും ശരി അല്ലാത്തവയായാലും ശരി പണിതത്.

ഈ വാസ്തുവിദ്യാശൈലിയുടെ പ്രായോഗികവും പ്രയോജനകരവുമായ ഗുണങ്ങൾ തിരിച്ചറിഞ്ഞ് കേരളത്തിലെ ആദ്യത്തെ മുസ്ലിങ്ങളും കൃസ്ത്യാനികളും തങ്ങളുടെ അയൽപക്കത്തെ ഹിന്ദുക്കളുടെ മാതിരിതന്നെ കെട്ടിടം പണിഞ്ഞു. യഥാർത്ഥത്തിൽ ആ ആദ്യകാല മുസ്ലിം പള്ളികളും കൃസ്ത്യൻ പള്ളികളും ഹൈന്ദവ കെട്ടിടങ്ങളിൽനിന്ന് തിരിച്ചറിയാനേ പറ്റില്ലായിരുന്നു. ക്ഷേത്രമാവട്ടെ, പള്ളിയാവട്ടെ, വീടാവട്ടെ, ഒരു മലയാളി ദൈവത്തെ തേടുന്ന ഇടം ചുറ്റുമുള്ള ഭൂപ്രകൃതിയുമായി മാത്രമല്ല, വിഭിന്നസമുദായങ്ങളുടെ പ്രകൃതിയുമായിപ്പോലും

സമരസപ്പെട്ട ഐകരൂപ്യമാർന്നതായിരുന്നു.

പക്ഷേ, കാലം മാറി. പാടേ മാറി.

കേരളത്തിന്റെ മുഖം ഇന്ന് ബലാൽക്കാരേണ കീറിമുറിക്കപ്പെടുകയാണ്. പ്രകൃതിസൗന്ദര്യത്തെ മാനഭംഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പ്രകൃതിസാന്നിദ്ധ്യത്തെക്കുറിച്ചാരുമറിയുന്നില്ല. ആ വ്യതിരിക്തശൈലി മാഞ്ഞുപോയിരിക്കുന്നു; പ്രകൃതിയോട് വിട്ടുവീഴ്ച ചെയ്യാൻ ആർക്കും വയ്യ. ഇതിനെല്ലാം പകരം വന്നിട്ടുള്ളത് സംസ്കാരത്തോടും പാരമ്പര്യത്തോടുമുള്ള ലക്കുകെട്ട അവജ്ഞയാണ്. കേരളത്തെ നിസ്തുലമാക്കിത്തീർത്ത മേന്മകളെന്തെല്ലാമാണോ, അവയെല്ലാം നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. തങ്ങളുടെ സംസ്കാരവും രീതിയുമൊക്കെ പഴഞ്ചനായിപ്പോയതിൽ ക്ഷമ ചോദിക്കുന്നവരെത്തന്നെയും കാണാം. ഈ വീട് സ്വല്പം പഴഞ്ചനാണ്, അസൗകര്യമൊന്നും തോന്നരുതെന്ന് എന്നോട് എത്രയോ തവണ പലരും അടക്കം പറഞ്ഞിരിക്കുന്നു. എന്നാൽ, കേരളത്തിൽ ഞാൻ അറിയുന്നതിൽ വച്ച് ഏറ്റവും മനോഹരമായ വീട്ടിൽ — അതൊരു നായർ തറവാടാണ് — വിദ്യുച്ഛക്തിയുമില്ല, കുഴൽ വെള്ളവുമില്ല. എന്നാൽ എന്റെ മനസ്സ് മൂല്യതരമായി കരുതുന്ന ഒന്ന് അവിടെ ഉണ്ട്. ആ വീടിനെ ചൂഴ്ന്നുനിൽക്കുന്ന ഭൂപ്രകൃതിയപ്പറ്റിയുള്ള സമഗ്രവും, പൂർണ്ണവുമായ ആ വീട്ടുകാരുടെ ബോധം. തണൽമരങ്ങൾക്കിടയിലാണ് ആ വീട്. വളരെ വലുതാണെങ്കിൽക്കൂടി അല്പമകലെനിന്നു നോക്കിയാൽപ്പോലും ആ വീട് കാണാനാവില്ല. തണുത്ത, ശുദ്ധജലം നിറയുന്ന ഒരു കുളമുണ്ട് തൊട്ടടുത്ത്. ജീവിതത്തെ ഉദയാസ്തമയങ്ങളോട് പൊരുത്തപ്പെടുത്തിയിരിക്കുന്നു; ഗ്രീഷ്മത്തിലെ കൊടുംചൂടിൽ രക്ഷയും ശിശിരരാവുകളിൽ ചിറകിനടിയിലെ ഇളംചൂടും കിട്ടത്തക്ക നിലയിലാണ് ആ വീടു പണിഞ്ഞിരിക്കുന്നത്.

എന്നാൽ ജീർണ്ണിച്ച് നശിക്കാൻ വിട്ടു കൊണ്ടു ഇത്തരം വീടുകളെല്ലാം ഇന്ന് ഉപേക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവിടെ പാർത്തിരുന്നവരെല്ലാം പുതുമയുടെ കൂടുകളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. അവയ്ക്കുള്ളിലെ നീറുന്ന ഉഷ്ണം മാറ്റാൻ പങ്കകൾ വേണം. പങ്ക കറക്കാൻ വൈദ്യുതി വേണം. ഇത്തരം വീടുകൾ ഉണ്ടാക്കാനായി എത്രയെത്ര പഴയ തറവാടുകളും ഇല്ലങ്ങളും പൊളിച്ചു മാറ്റിക്കൊണ്ടിരിക്കുന്നു. ചരിത്രത്തിലൂടെ കടന്നുവന്ന വീടുകൾ മണിക്കൂറുകൾ കൊണ്ടു കൽക്കൂനയും ഓർമ്മയുമായി മാറ്റപ്പെടുന്നു. കേരള സംസ്കാരവും അതിന്റെ വ്യക്തിത്വവുമായി ഊടിനോടിഴപോലെ നിന്ന വീടുകൾ ഇനി ഒരിക്കലും പണിഞ്ഞെടുക്കാനാകാത്ത വീടുകൾ.

കേരളീയ ദേവാലയങ്ങളുടെ മൗലികശൈലിയെപ്പറ്റി ഒരുപാടൊക്കെ ടൂറിസ്റ്റിനുവേണ്ടിയുള്ള ഗൈഡുബുക്കുകളിൽ കാണാം. പക്ഷേ, മണിക്കൂറുവച്ച് അവയൊക്കെ മറഞ്ഞുകൊണ്ടിരിക്കുന്നു. വാസ്തുവിദ്യാശൈലിയുടെ അന്തകനെന്നോണം ഒരു വാക്ക് കേരളത്തിൽ ഉണ്ടായിരിക്കുന്നു — പുതുക്കിപ്പണി. ഈ വാക്കിന്റെ മറവിലൂടെ എത്രയോ മനോഹരമായ മുസ്ലിംപള്ളികൾ തകർത്തു കളഞ്ഞിരിക്കുന്നു; അല്ലെങ്കിൽ 'പുതുമ'യുടെ പൂമുഖങ്ങൾ അണിയിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ ചില വർഷങ്ങൾക്കുള്ളിൽ ഇന്നത്തെ ഒരുപാടു ദേവാലയങ്ങളുടെ ഫോട്ടോകൾ ഞാൻ എടുത്തിട്ടുണ്ട് — എനിക്കു കഴിയുന്നിടത്തോളം; അവയിൽ പലതും മണ്ണടിഞ്ഞു കഴിഞ്ഞു. ചിലതു മാത്രം പഴയപടി നിൽക്കുന്നു. ദാരു

നിർമ്മിതവും നിസ്തുലവുമായ പഴയ പള്ളികൾക്കു പകരം ഉയർന്നുവരുന്നതെന്തെന്നോ? സിമന്റും കമ്പിയും കൊണ്ടു തീർത്ത ഒട്ടും ചന്തമില്ലാത്ത നിറങ്ങൾ വാരിത്തേച്ച കെട്ടിടങ്ങൾ. കേരളത്തിൽ സ്ഥാനമേ ഇല്ലാത്ത നിറങ്ങൾ. ഈ പുത്തൻപള്ളികളുടെ വാസ്തുവിദ്യ അതിന്റെ ചുറ്റുപാടുകളിൽ നിന്ന് കുതറിനിൽക്കുന്നു. ഒരു കേരളീയതയും ഇവയിൽ തുടിച്ചു നിൽക്കുന്നില്ല. ഹിന്ദി സിനിമാസെറ്റു പോലെ തോന്നിക്കുന്ന ഈ പള്ളികൾക്ക് പഴയ പള്ളികളുടെ ദിവ്യതയുമില്ല. പ്രശാന്തതയുമില്ല. ഇടവപ്പാതിയുടെ ആദ്യ മഴയിൽത്തന്നെ നിറങ്ങൾ ചോർന്നൊലിക്കുന്ന പുതിയ പള്ളികൾക്ക്, ഭൂതകാലം കൈമാറിക്കൊടുത്ത പഴയ പള്ളികളുടേ അഭിജാതസൌന്ദര്യമോ, കാലത്തിലൂടെ കടന്നുവന്ന അന്തസ്സിന്റെ തലയെടുപ്പോ അനുകരിക്കാനാവില്ലതന്നെ.

ക്രിസ്ത്യൻ പള്ളികളുടെ കാര്യവും അങ്ങനെതന്നെ. ഒരിക്കൽ പ്രാചീനവും പ്രശാന്തവും സുന്ദരവുമായ പള്ളി നിന്നിടത്ത് ഭീമാകാരവും ചായമടിച്ചതുമായ കോൺക്രീറ്റ് പള്ളികൾ ഇന്ന് എവിടെയും കാണാം. കേരളീയ വാസ്തുകലയുടെ മഹിമയും ചരിത്രവും ലയിച്ചിരുന്നതായിരുന്നു ആ പഴയ പള്ളികൾ.

പൊളിച്ചുകളയാനോ, പുതുക്കിപ്പണിയാനോ, പരിഷ്ക്കരിക്കാനോ ഉള്ള ആർത്തിക്കുമുമ്പിൽ എല്ലാം തകർന്നു വീഴുന്നു — ആ ഇല്ലങ്ങളും തറവാടുകളും, ക്രിസ്ത്യൻ പള്ളികളും, മുസ്ലീം പള്ളികളുമെല്ലാം.

പരിഷ്ക്കരണഭ്രാന്ത് ക്ഷേത്രങ്ങളെയും പിടികൂടിയിട്ടുണ്ട്. പക്ഷേ, ക്ഷേത്രങ്ങളുടെ ഉടമകളായ ദേവസ്വങ്ങൾക്ക് വേണ്ടത്ര പണമില്ലാത്തതു കാരണം ക്ഷേത്രങ്ങൾ വലിയ അതിക്രമങ്ങൾ നേരിടുന്നില്ലെന്നു മാത്രം. ഏങ്കിലും ബഹുവർണ്ണ വൈദ്യുതദീപങ്ങളും മനുഷ്യപ്പറ്റില്ലാത്ത ട്യൂബുലൈറ്റുകളും ചെവിതുളയ്ക്കുന്ന ലൌഡ്സ്പീക്കറുകളും ആ ക്ഷേത്രങ്ങളിൽ ഒരു കാലത്തുണ്ടായിരുന്ന പവിത്രാന്തരീക്ഷത്തെ കരണ്ടുതിന്നുന്നു. ശില്പഭംഗി മാത്രമല്ല. കെട്ടുറപ്പും പ്രയോജനവും ഉണ്ടായിട്ടുകൂടി ഇത്തരം പഴയ വീടുകളെയും ക്ഷേത്രങ്ങളെയും പള്ളികളെയും തച്ചുതകർക്കാൻ വേണ്ടി ഈ ആളുകളൊക്കെ എന്തിനാണിങ്ങിനെ തെക്കുവടക്കോടുന്നത്? ഈ കെട്ടിടങ്ങളുടെ അസുലഭമായ ഗുണമേന്മകൾ കാണാൻ ഈ മനുഷ്യർക്ക് കണ്ണില്ലല്ലോ എന്നോർക്കുമ്പോൾ സങ്കടം വരുന്നു. പുതിയ ചായമടിച്ച കുത്തും പാടും വീണ, വീണ്ടുകീറിയ കോൺക്രീറ്റ് കെട്ടിടങ്ങളാണല്ലോ ഇവരുടെ കണ്ണിന് പിടിക്കുന്നത് എന്നു കണ്ട് സങ്കടം വരുന്നു. ലോകത്തിനു ഇന്ത്യയുടെ അമൂല്യ സംഭാവനകളിലൊന്നായ കേരള സംസ്കാരത്തനിമയെക്കുറിച്ചുള്ള അഭിമാനം കേരളീയരുടെ മനസ്സിൽനിന്നു പൊലിഞ്ഞു പോകുന്നല്ലോ എന്നു കണ്ടു സങ്കടം വരുന്നു. ഇക്കൂട്ടരുടെ ഭ്രാന്ത് വകയ്ക്കുകൊള്ളരുതാത്തതിനു വേണ്ടിയാണ്, കരുണയില്ലായ്മക്കു വേണ്ടിയാണ്, നൈമിഷികത്വത്തോടാണ്; പ്രയോജനമില്ലായ്മയ്ക്കു വേണ്ടിയാണ്, സാക്ഷാൽ വൃത്തികേടിനുള്ളതാണ്. ഓരോ കാലത്തിനും അതിന്റേതായ കലയും ശൈലിയും ഉണ്ടാവണം; കാലത്തിങ്ങനെ നിശ്ചലം നിൽക്കാനൊന്നുമാവില്ല. എങ്കിൽക്കൂടിയും ഇന്നത്തെ നിർമ്മാണപ്പണികൾ എന്തിനിങ്ങനെ വിലകെട്ടതാവണം? മേന്മയും നിലവാരവും കുറയ്ക്കുന്ന രീതിയെ എന്തിനിങ്ങനെ കെട്ടിപ്പിടിക്കണം? ഏതു പഴയ കെട്ടിടവും നോക്കൂ. അതു സാന്ദ്രമാണ്. ഉറ

പ്പാർന്നതാണ്. അത് തൽക്കാലത്തേക്കുണ്ടാക്കിയതല്ല. അത് ഉപയോഗിക്കാനുണ്ടാക്കിയതാണ്. അതു ചുറ്റുപാടിനൊടിനൊത്തുണ്ടാക്കിയതാണ്. അതു കാറ്റും മഴയും വെയിലും മഞ്ഞും കണ്ടു കൊണ്ടുണ്ടാക്കിയതാണ്. ഈ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം കുറെക്കൂടി അമൂർത്തയായ മറ്റൊരു സംതൃപ്തിക്കുവേണ്ടിക്കൂടി ഉണ്ടാക്കിയതാണ് — അത് ഒരു സൌന്ദര്യശിൽപമാണ്. ഇന്നത്തെ എതെങ്കിലും കെട്ടിടത്തെക്കുറിച്ചിതു പറയാൻ കഴിയുമോ?

എന്നെക്കുറിച്ച്, എന്റെ ഒരു സ്നേഹിതനോട്ട് ഈയിടെ ഒരാൾ പറഞ്ഞു. "ആ സ്ത്രീയെ സൂക്ഷിക്കണം; അവളൊരു വിദേശിയാണ്. ഒരു നാൾ അവൾ നമ്മളുടെ സംസ്കാരമൊക്കെ തട്ടിക്കൊണ്ടുപോകും." ഇന്ത്യയുടെ വിലയേറിയ കലാശിൽപങ്ങൾ ആർത്തിയോടും സ്വാർത്ഥതയോടും കടത്തിക്കൊണ്ടുപോകുന്ന വിദേശികളുണ്ടെന്ന് കുറ്റഭാരത്തോടെതന്നെ ഞാൻ സമ്മതിക്കാം. പക്ഷേ, എനിക്കൊന്ന് പറയാനുണ്ട്. സ്വന്തം സംസ്കാരത്തെയും പാരമ്പര്യത്തെയും ആദരിക്കുന്ന ഒരു ജനതയ്ക്കേ അവയെ സംരക്ഷിക്കാനും കഴിയൂ. അത്യാഗ്രഹികളായ വിദേശികളെക്കാൾ കേരളത്തിന്റെ സംസ്കാരം ഇന്ന് പേടിക്കേണ്ടതു് അല്പന്മാരായ കേരളീയരെത്തന്നെയാണ്.

ഒരു വിദേശിയായ ഞാൻ ഇതൊക്കെ എഴുതിപ്പിടിപ്പിക്കുന്നതു് മലയാളികൾക്ക് രുചിക്കുകയില്ല എന്ന് എനിക്കറിയാം. "അതിനു അവൾക്കെന്തു്? ഇത് നമ്മുടെ മണ്ണ്. അവൾ അവളുടെ കാര്യം നോക്കട്ടെ" — ഇതാവാം ഒരു പ്രതികരണം. എനിക്ക് അത് മനസ്സിലാവുന്നു. അങ്ങനെയൊരു പ്രതികരണമുണ്ടാകാതിരിക്കാൻ നേരത്തെക്കൂട്ടി ഒന്നു പറയട്ടെ. എന്റെ സജീവമായ താൽപ്പര്യം കൊണ്ടാണ് ഞാൻ ഇതെഴുതുന്നത്. 1972-ലാണ് ഞാൻ ആദ്യമായി കേരളത്തിൽ വരുന്നതു്. പിന്നീട് ഏതാണ്ട് അഞ്ചുകൊല്ലം ഞാൻ കേരളത്തിൽത്തന്നെ തങ്ങി. ഇതിന് കാരണം കേരളത്തിന്റെ വിപുലമായ സാംസ്കാരികസ്വത്തിനോട്ട് എനിക്ക് തോന്നിയ ആദരവാണ്. കേരളീയരുടെ എന്തെന്നില്ലാത്ത അതിഥിസൽക്കാര താൽപ്പര്യവും കനിവുമാണ്. എന്നിട്ടും ഈ സംസ്കാരത്തെ നശിപ്പിക്കുന്നത് കണ്ട്– ഈ സമ്പത്ത് ഒലിച്ചുപോകുന്നതുകണ്ട് ഞാൻ ദുഃഖിതയാണ്. ഉള്ളിൽത്തട്ടിയ വേദനതന്നെയാണ് ഞാൻ അനുഭവിക്കുന്നത്. ഈ സൗന്ദര്യമൊക്കെ ഹുങ്കാരത്തോടെ നശിപ്പിക്കപ്പെടുന്നു. ഈ നാശത്തിന്റെ ആഴം അധികമാരും കാണുന്നില്ല; എന്നെന്നേയ്ക്കുമായി നഷ്ടപ്പെടുന്നതെന്തെല്ലാമാണെന്ന് വളരെ കുറച്ചു പേരെ അറിയുന്നുള്ളൂ. തോതുകൾ താണു ചുരുങ്ങിക്കൊണ്ടിരിക്കുന്ന ഈ ലോകത്തു് മനോഹരവും മൗലികവും നിസ്തുലവുമായിട്ടുള്ളവയെല്ലാം സർവ്വമനസ്സോടുംകൂടി പരിരക്ഷിക്കപ്പെടേണ്ടതാണെന്ന് ഞാൻ കരുതുന്നു. പോയതു്, പിന്നെ തിരിച്ചു കിട്ടില്ല. നാമെല്ലാം ഈ ലോകത്തെ പൗരന്മാരാണെന്ന വിശ്വാസമാണ് ഇതു പറയാനുള്ള എന്റെ ധൈര്യവും അവകാശവും. നാശം വരുത്തലും അനീതിയും കണ്ടാൽ അതിനെതിരെ സംസാരിക്കേണ്ടതു് നമ്മുടെ കടമയല്ലേ?

# 2

## ഒരു മദാമ്മയുടെ കേരളം

ഇംഗ്ലീഷുകാരിയായ എനിക്ക് കേരളം ഒരു വികാരമാണ്. ലളിതമായ ഈ പ്രസ്താവം എന്റെ ജീവിതത്തിലെ അടിസ്ഥാനപരമായ രണ്ട് വസ്തുതകളെ ഇണക്കുന്നുവെന്ന ഞാൻ കരുതുന്നു. എന്നാൽ, കേരളമെന്ന വികാരത്തെ പിന്തുടർന്നതിലൂടെ എനിക്കുണ്ടായിട്ടുള്ള സമൃദ്ധമായ അനുഭവവൈവിധ്യങ്ങൾ എന്തുമാത്രമുണ്ടെന്ന് ഈ പ്രസ്താവത്തിലൂടെ പറഞ്ഞറിയിക്കാനാവില്ല. കേരളമെന്ന എന്റെ ഈ വികാരമാകട്ടെ കുറെക്കൂടി സത്യാത്മകമാക്കിയാൽ ഇതു വെറുമൊരു വികാരമല്ല. വികാരാവേശമാണ് — എന്റെ ജീവിതത്തിന്റെ ഓരോ വശത്തെയും സമ്പന്നമാക്കിയ ഒന്നാണ്. എനിക്കുള്ള പടിഞ്ഞാറൻ സംസ്കാരത്തിന്റേതായ ഓരോ ചിന്തയെയും അതിന്റെ അടിത്തറവരെ ചെന്ന് പരിശോധിക്കുവാൻ എന്നെ നിർബന്ധിച്ച വികാരം; എന്റേതിൽനിന്നു പാടേ വ്യത്യസ്തമായ ഒരു ജീവിതത്തിലേക്ക് എനിക്ക് പ്രചോദനം നൽകിയ വികാരം; മാറ്റിമറിക്കാനാവാത്തതെന്നു ഞാൻ വിശ്വസിച്ചിരുന്ന എല്ലാറ്റിനോടുമിടയുവാൻ എന്നെ പ്രേരിപ്പിച്ച വികാരം; സർവ്വോപരി കണ്ടെത്തലിന്റെ ഒരു സാഹസയാത്രയ്ക്ക് എന്നെ കൂട്ടിക്കൊണ്ടുപോയ വികാരം — പുറമെ ഒരു പുതിയ ഭൂമിയിലേയ്ക്കും അകമേ അന്വേഷണത്തിന്റെ ഒരു വൈയക്തിക മേഖലയിലേക്കും എന്നെ കൊണ്ടുപോയ വികാരം.

ആറു നൂറ്റാണ്ട് മുമ്പ്, മാർക്കോപോളോ എന്ന മഹാനായ വെനീഷ്യൻ ലോകസഞ്ചാരി തന്റെ സഞ്ചാരകഥ എഴുതാനിരുന്നപ്പോൾ അദ്ദേഹത്തിന് ഒരു കാര്യം അത്യാവശ്യമായി തോന്നി: കെട്ടിച്ചമയ്ക്കലിന്റെ തരിമ്പുപോലുമില്ലാത്ത, കണിശാൽ കണിശമായ ഒരു പ്രമാണമാണ് താൻ എഴിതിവയ്ക്കുന്നതെന്ന് തന്റെ വായനക്കാർക്ക് ഉറപ്പുനൽകണം. എന്തെന്നാൽ അത്രയേറെ അറിയപ്പെടാത്ത ഒന്നായിരുന്നു താൻ വിവരിക്കുന്ന ലോകം. വിദൂരമായ കരകളിലും അകലെ അകലെയുള്ള നഗരങ്ങളിലും എന്തൊക്കെ ഉണ്ടാകാമെന്ന് ഇന്നേവർക്കുമറിയാം. നിർഭീകവും ധീരസാഹസികവുമായി അന്ന് നാവികവണിക്കുകൾ തേടിപ്പിടിച്ച സഞ്ചാരപഥങ്ങളൊക്കെയും ഇന്ന് വിനോദസഞ്ചാരം സംഘടിപ്പിക്കുന്നവരുടെ കൈവെള്ളകളിൽ പതിഞ്ഞു നിൽക്കുന്നു; ആയിരക്കണക്കിന് ഒഴിവുകാലസഞ്ചാ

രികൾക്ക് സുപരിചിതവുമായിരിക്കുന്നു. ഈ ഭൂമിയുടെ നാലു് മൂലകളും ആക്രമിച്ച് വരുതിയിലാക്കപ്പെട്ടിരിക്കുന്നു. പുകൾകൊണ്ട രാജസ്ഥാനങ്ങളെല്ലാം എന്നേ പോയിരിക്കുന്നു. 'കാൽപ്പാടുകൾ വീണിട്ടില്ലാത്ത ഇടങ്ങളിലേയ്ക്ക്' എന്ന പ്രയോഗം അന്യം നിൽക്കാറായിരിക്കുന്നു. ഒരു സഞ്ചാരിയും ഒരു കുടിയേറ്റക്കാരനും രണ്ടു വിഭിന്ന ഇനങ്ങളാണ്. അവർക്ക് പൊതുവായി ഒന്നുമില്ല. ഞാൻ സ്വയം മനസ്സിലാക്കിയെടുത്ത പല കാര്യങ്ങളിലൊന്നാണിതു്. എങ്ങും തങ്ങാത്തയാൾ എന്നാണല്ലോ സഞ്ചാരിയുടെ നിർവചനം. എത്ര അഗാധവും ആത്മാർത്ഥവുമായ താൽപ്പര്യമുണ്ടായിരുന്നാലും സഞ്ചാരി താൻ ചെന്നെത്തുന്ന ഇടങ്ങളിലെങ്ങും ജീവിക്കുന്നില്ല. സഞ്ചാരിയെന്ന നിലയിൽനിന്ന് കുടിയേറ്റക്കാരിയെന്ന നിലയിലേയ്ക്കുള്ള എന്റെ മാറ്റം പ്രയാസകരമായിരുന്നു. മാർക്കോപോളോ ഏറെ നൂറ്റാണ്ടുകൾക്കപ്പുറം ചെയ്തതുപോലെ, ആരും കാണാത്ത, ആരുമറിയാത്ത, ആരുമറിയാത്ത ഒരു ലോകത്തേയ്ക്കുള്ള കപ്പൽയാത്രയ്ക്ക് സമമായിരുന്നു എന്റെ ഉദ്യമം. ആരും പോകാത്ത ഇടങ്ങൾ തേടി ഇറങ്ങിത്തിരിക്കുന്ന ഒരാൾക്ക് ഒരു ഗുണവും ചെയ്യാത്ത ഒന്നാണ് ആ ഇടങ്ങളെപ്പറ്റി മുൻകൂട്ടി ചെയ്യുന്ന ഗവേഷണപഠനങ്ങൾ. ഇറങ്ങിപ്പുറപ്പെടുക, ചെന്നെത്തുക, അവിടത്തെ സാഹചര്യങ്ങളെയും ആചാരങ്ങളെയും കുറിച്ചുള്ള അറിവേറിവരുന്തോറും അതിന്റെ, പിന്നാലെ ഒന്നൊന്നായി വരും, സഹിക്കാനും നേരിടാനുമുള്ള ശേഷിയും ആ ശേഷിയെപ്പറ്റിയുള്ള ഉൾക്കാഴ്ചയും. ഇന്ന് ഇതു ഞാനറിയുന്നു. എങ്കിലും, അന്ന് എന്നെ കേരളത്തിലേക്ക് വലിച്ചുകൊണ്ടുപോയത് അവിടെ കുടിയേറാനുള്ള മോഹമായിരുന്നില്ല; അവിടത്തെ പ്രത്യേക ജീവിതരീതി അനുഭവിക്കണമെന്ന അഭിവാഞ്ഛയുമായിരുന്നില്ല. പ്രത്യക്ഷമായിട്ടല്ലെങ്കിൽ, പരോക്ഷമായെങ്കിലും കേരളത്തിലെ ഹൈന്ദവജീവിതത്തിന്റെ എറിയകൂറും കിടന്നു കറങ്ങുന്നത് മതാചാരങ്ങളെ ചുറ്റിയാണ്. ആളുകൾ ഒരു പ്രത്യേക ക്ഷേത്രത്തിൽ ആരാധനയ്ക്ക് ചെല്ലുന്നത് ആ ക്ഷേത്രത്തിന്റെ മഹാ പൗരാണികതയോ വാസ്തുശില്പഗാംഭീര്യമോ കൊണ്ടല്ല. നേരെമറിച്ച്, ആ ക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തിയിലുള്ള വിശ്വാസം കൊണ്ടാണെന്ന അനുമാനത്തിൽ ഞാൻ എത്തിയിട്ടുണ്ട്. ഇതൊരു ലളിതമായ വസ്തുതയാണ്. പക്ഷേ ഈ ലളിതമായ വസ്തുതകളെ ഹിന്ദുമത പഠനങ്ങൾ പലപ്പോഴും അവഗണിച്ചു കളയുന്നു. വിദേശിയായ ഞാൻ കേരളത്തിൽ വന്നു് താമസിച്ചതിന് ചില ഉന്നങ്ങളുണ്ടായിരുന്നു; ദൈനംദിന ജീവിതവും മതവുമായുള്ള സങ്കലനം മനസ്സിലാക്കി പുറത്തുകൊണ്ടുവരിക; നിത്യജീവിതത്തിലെ ഗാഢസമ്പർക്കങ്ങളെ പഠിപ്പിക്കുക; കേരളത്തിലെ ഭഗവതിപൂജയുടെ നിറപ്പൊലിമയാകെ ക്യാമറയിൽ പകർത്തുക. ഈ ലക്ഷ്യങ്ങൾക്ക് നിയതരൂപം ഉണ്ടാകാൻ കുറേ സമയം വേണ്ടിവന്നു. എനിക്ക് ഇതിനൊന്നും വേണ്ട വൈദഗ്ധ്യമില്ലായിരുന്നു. ഇത്രയും സങ്കീർണ്ണതകളും ഇത്രയേറെ സൂക്ഷ്മാംശങ്ങളും ഉള്ള ഒരു വിഷയം കൈകാര്യം ചെയ്യാൻ എന്നെ പ്രാപ്തയാക്കിയത് എന്റെ അജ്ഞതയുടെ ധാർഷ്ട്യം മാത്രമാണ്. എല്ലാം കഴിഞ്ഞ് ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ എനിക്ക് പേടിയാവുന്നു; വിചിത്രമായ ഒരുതരം കൃതാർത്ഥതയും തോന്നുന്നു. ഞാനൊരുമ്പെട്ടിരിക്കുന്ന ഉദ്യമത്തിന്റെ വൈപുല്യം മനസ്സിലാക്കിക്കഴിഞ്ഞപ്പോഴേക്കും പിന്തിരിഞ്ഞുകളയാൻ പറ്റാത്തവിധം മനസ്സുകൊണ്ടും കർമ്മം കൊണ്ടും ഞാൻ അതിൽ മുങ്ങിപ്പോയിരുന്നു.

എന്റെ ആദ്യത്തെ കേരളയാത്ര 1972-ൽ ആയിരുന്നു. എങ്കിലും 1980 വരെ ഞാൻ കേരള

ത്തിൽ താമസം തുടങ്ങിയിട്ടില്ല. പിന്നീടാണ് സ്വയമേറ്റെടുത്ത കൃത്യവുമായി ഞാൻ പ്രതിജ്ഞാബദ്ധയാവുന്നത്. കേരളത്തിൽ കഴിയുക എന്ന ചിന്ത എന്റെ മനസ്സിന്റെ ബോധവശത്ത് ഒരിക്കലുമുണ്ടായിരുന്നില്ല. എന്നാലും ഇന്നാട്ടുകാരുടെ അടുപ്പവും പിന്തുണയുമില്ലാതെ എന്റെ ഈ ദൗത്യം വിജയമാവുകയില്ല എന്ന് മനസ്സിന്റെ മനസ്സിലെവിടെയോ എനിക്ക് തോന്നിയിരുന്നു. എന്റെ ഏക കൈമുതൽ നിശ്ചയദാർഢ്യവും ഏകാഗ്രമായ ലക്ഷ്യചിന്തയുമായിരുന്നു. അതുകൊണ്ടാവണം ഭാഗ്യവശാൽ എനിക്ക് ചിലരെ കണ്ടെത്താൻ ഇടയായി. അവരെന്നെ സഹായിക്കാൻ മുന്നോട്ട് വന്നു എന്നു മാത്രമല്ല, എന്നെ കൂട്ടിക്കൊണ്ടുപോവുകയും ചെയ്തു. ഇവരെക്കൂടാതെ ഞാനൊന്നും നേടുമായിരുന്നില്ല.

1980 വരെ നടത്തിയ മൂന്നു ദീർഘസന്ദർശനങ്ങൾ കൊണ്ട് കാര്യമായൊന്നും എനിക്കു പഠിക്കാൻ കഴിഞ്ഞില്ല. എന്നാൽ, കേരളത്തിൽ താമസിക്കാൻ തുടങ്ങിയതോടെ സംഗതികളാകെ മാറി. ഒരു കണക്കിൽ ഞാൻ വീണ്ടും എന്റെ ശൈശവത്തിൽ തിരിച്ചെത്തിയതുപോലെ; അല്ലെങ്കിൽ തലയ്ക്ക് ക്ഷതമേറ്റ് എല്ലാം മറന്നുപോയ ഒരാൾ വീണ്ടും ഓരോ പ്രവൃത്തികൾ പയ്യെ പഠിക്കുന്നതുപോലെ, എന്റെ മുൻധാരണകൾ പ്രശ്നം സൃഷ്ടിച്ചു. വ്യത്യാസം നിസ്സാരമായിരുന്നു. കാലാവസ്ഥയും പരിസരവുമാണ് പ്രശ്നമെന്നു കണ്ടപ്പോൾ കോമൺസെൻസുകൊണ്ട് ഞാൻ അതു നേരിട്ടു. ഇന്നാട്ടുകാർ ചെയ്യുന്നതുപോലെയൊക്കെ ഞാനും ചെയ്തു. ഞാൻ സാരി ധരിക്കുന്നതും കൈകൊണ്ട് ഭക്ഷണം കഴിക്കുന്നതും കണ്ട് ആളുകൾക്ക് വിസ്മയമായി. സാരി ചുറ്റുന്നതെങ്ങനെയെന്ന അറിവുമായല്ലല്ലോ എന്തായാലും ഒരു ഇന്ത്യക്കാരി പിറന്നുവീഴുന്നത്; നേരെ ഭക്ഷണം കഴിക്കേണ്ടതെങ്ങനെയെന്ന് എല്ലാ കുഞ്ഞുങ്ങൾക്കും പറഞ്ഞുകൊടുക്കുകയും വേണം. എന്നാൽ, ഞാൻ മാത്രം ശ്രദ്ധിച്ച ചില വ്യത്യാസങ്ങളുണ്ടായിരുന്നു. മൈൻ വിതറിയ നിലത്തുകൂടി നടക്കുമ്പോലെയുള്ള മനഃപ്രയാസവും ഉദ്വേഗവും ഇതെന്നിൽ ഉളവാക്കിയിരുന്ന എന്റെ സംസ്കാരം പരുഷവും മോശവുമെന്നു കരുതിയിരുന്ന കാര്യങ്ങൾ ചെയ്യാൻ ഞാൻ നന്നെ ക്ലേശിച്ചു. ഭക്ഷണം കഴിക്കൽ പടിഞ്ഞാറെല്ലാം കൂട്ടുചേർന്നുള്ള സോഷ്യലായ, പലപ്പോഴും യഥേഷ്ടം സമയമെടുത്തുതന്നെയുള്ള ഒരു കൃത്യമാണ്. കേരളത്തിലാവട്ടെ, ഇത് വെറുമൊരാവശ്യം നിറവേറ്റലാണ്. എന്തൊരു വേഗത്തിലാണ് കേരളീയർ ആഹാരം കഴിക്കുന്നത്. ദഹനത്തിന് ഹാനികരം പോലുമായ ഒരു വേഗം. ഉരുട്ടി വിഴുങ്ങുക, സ്ഥലം വിടുക ഇതാണ് ലക്ഷ്യം. മെല്ലെ ഭക്ഷണം കഴിക്കാനും അവസാനത്തെ ആളും കഴിച്ചുതീരുന്നതുവരെ എഴുന്നേൽക്കാതിരിക്കാനും പഠിച്ചാണ് ഞാൻ വളർന്നത്. കേരളത്തിലാവട്ടെ, ഭക്ഷണം കഴിഞ്ഞ ഉടൻ എഴുന്നേൽക്കാൻ ഞാൻ നിർബന്ധിക്കപ്പെടാറുണ്ട്. പിന്നെപ്പിന്നെ ഞാനും ശീലിച്ചു, വേഗം ഭക്ഷണം കഴിക്കാനും കഴിച്ച ഉടൻ സ്ഥലംവിടാനും. പക്ഷേ, എന്റെ ഈ പെരുമാറ്റം മഹാമോശമാണെന്നും ഞാൻ ഇതിന് ശകാരം അർഹിക്കുന്നുവെന്നുമുള്ള തോന്നൽ എന്റെ ഉള്ളിൽ ശക്തമായിനിന്നു.

എച്ചിലില എടുത്ത് പുറത്തുകൊണ്ടുപോയെറിയാൻ എനിക്ക് വലിയ പ്രയാസം തോന്നിയിരുന്നു. ഞാൻ ഇങ്ങനെ എച്ചിലിലയെറിഞ്ഞ് പരിസരം വൃത്തികേടാക്കുമ്പോൾ ഇതെന്തൊരു വേലയാണെന്നു തോന്നാൻ ആരെങ്കിലും തീർച്ചയായുണ്ടാവണം. ഭക്ഷണം കഴിഞ്ഞ് ഒരു ബേസിനിലേയ്ക്ക് കൈയും വായും കഴുകാൻ എനിക്ക് പ്രയാസമൊന്നുമില്ല. പക്ഷേ, വാ

കഴുകിയ വെള്ളം ഒരു വീട്ടിന്റെ പിൻഭാഗത്തെ മുറ്റത്തേയ്ക്ക് തുപ്പേണ്ടിവരുമ്പോൾ എനിക്കു പ്രയാസമാകും. ചുണ്ടിൽ ഗ്ലാസ് തൊടാതെ വെള്ളം ഒഴിച്ചു കുടിക്കുന്നതു് ഒരു നിർബന്ധ മാണെന്ന് ആരും എന്നെ അറിയിച്ചിരുന്നില്ല. എങ്കിലും ചില വീടുകളിൽ ഞാൻ ഇങ്ങനെ ഗ്ലാസ് ഉയർത്തി വീഴ്ത്തി വെള്ളം കുടിക്കുന്നതുകണ്ട് രഹസ്യമായി ആ വീട്ടുകാർ ആശ്വാസം കൊണ്ടത് എന്റെ കണ്ണിൽപ്പെട്ടിരുന്നു. ഇവരറിയാത്ത ഒന്നുണ്ടായിരുന്നു. ഇങ്ങനെ പെരു മാറാൻ ഞാൻ രഹസ്യമായി പരിശീലിക്കുന്നുണ്ടെന്നു്.

ഇങ്ങനെ ഭക്ഷണകാര്യം കഴിഞ്ഞു. പിന്നെ ഞാൻ നിലത്തു കിടന്നുറങ്ങാൻ പഠിച്ചു. മാത്ര വുമല്ല, തിരക്കാർന്ന ഒരു റയിൽവേ സ്റ്റേഷനെ ഓർമ്മിപ്പിക്കുന്ന മുറിയിൽ കിടന്നുറങ്ങാനും കേരളം എന്നെ പഠിപ്പിച്ചു. പ്രശാന്തമൂകത നിറഞ്ഞ കിടപ്പറയിലെ ഏക അന്തേവാസി ആയി ശീലിച്ചിരുന്ന എനിക്ക് ഇതിങ്ങനെ സാധിച്ചുവല്ലോ എന്നതിൽ എന്തെന്നില്ലാത്ത ആശ്വാസവും വിസ്മയം തന്നെയും തോന്നി. എന്നാൽ, യഥാർത്ഥ വൈതരണികൾ വരാനി രിക്കുന്നതേയുള്ളൂ. തുടക്കത്തിൽ ഭാഷ എനിക്കൊരു പ്രശ്നമായിരുന്നു. അതിനാൽ ശാരീരി കമായ സ്വകാര്യങ്ങൾ സൂക്ഷിക്കാനാവാതെ മാനസികമായ ഒറ്റപ്പെടൽ കടുപ്പമായിരുന്നു.

ഉഷ്ണവും എന്റെ ജോലിയുടെ ഭൗതികവശങ്ങളും ചേർന്ന് ഈ പ്രയാസത്തെ പല മടങ്ങ് ആക്കി; നീണ്ട മണിക്കൂറുകൾ, ഉറക്കമില്ലായ്മ, തിങ്ങിനിറഞ്ഞ ബസ്സുകളിലെ യാത്ര. തെളിഞ്ഞ് ചിന്തിക്കാനുള്ള എകാന്തതയും എനിക്ക് കിട്ടിയില്ല. ഇതെല്ലാം പേരിന് എന്നെ തളർച്ചയുടെ വക്കിലെത്തിച്ചു. അവിടത്തെ സ്ത്രീകളിൽ ചിലർ ഉള്ളിൽ എന്നെ പ്പറ്റി മറ്റെന്തൊക്കെയോ ധരിച്ചുവച്ചിരിക്കുന്നുവെന്ന സംശയവും എനിക്കുണ്ടായിരുന്നു. ഭാഷതന്നെയായിരുന്നു ഇതിനൊരു കാരണം. എന്തെങ്കിലും ചടങ്ങുകൾക്കു പോകുമ്പോൾ ഫോട്ടോ എടുക്കുന്നതിനും മറ്റുമായി ഞാൻ പുരുഷന്മാരുടെ വിഭാഗത്തിൽ കഴിയേണ്ടിവന്നു എന്നതാവാം മറ്റൊരു കാരണം. ചില ഘട്ടങ്ങളിൽ സ്ത്രീകളുടെ നീരസം പ്രകടമാവുമായി രുന്നു. എനിക്ക് എന്തെന്നില്ലാത്ത അസ്വാസ്ഥ്യം തോന്നി. പിന്നെ, എനിക്കു ചെയ്യാൻ ഒന്നേ ഉണ്ടായിരുന്നുള്ളൂ. ജോലിയൊന്നുമില്ലാതിരിക്കുമ്പോൾ സ്ത്രീകളുടെ ഇടയിൽ നിന്ന് മാറാതിരിക്കാനും എനിക്ക് കഴിയുമെന്നു കാണിച്ചുകൊടുക്കുക.

എനിക്കു ചുറ്റും ഇങ്ങനെ പതഞ്ഞുപൊങ്ങിയിരുന്ന പ്രതികരണങ്ങളെക്കുറിച്ച് എനിക്ക് തി കഞ്ഞ ബോധമുണ്ടായിരുന്നു. മലയാളം എനിക്കറിയില്ലെന്നു കണ്ട് ചിലർ എനിക്കു ചുറ്റും നിന്നുകൊണ്ടുതന്നെ എന്നെക്കുറിച്ച് ചർച്ച ചെയ്യുമായിരുന്നു. അവരുടെ മുഖഭാവങ്ങളിൽ നിന്നും തലയാട്ടലുകളിൽനിന്നും കാര്യം എനിക്ക് മനസ്സിലാകുന്നുമുണ്ടായിരുന്നു. ഇത് എന്നെ വല്ലാതെ ഉലച്ചു; അസ്വാസ്ഥയാക്കി. പൊരുത്തപ്പെടലിന്റെ ഈ പ്രശ്നം എനിക്ക് മാത്രമല്ല ഉള്ളതെന്ന് കുറേക്കഴിഞ്ഞ് എനിക്കു പിടികിട്ടി. ഞാനൊരു പരദേശിയാണ്. സ്ത്രീയാണ്. അവരുടെ സാമൂഹ്യമര്യാദകളുമായി ബന്ധമില്ലാത്ത ആളാണ്. അങ്ങനെയുള്ള ഞാൻ എതാണ്ടൊരു സ്ഥിരവാസക്കാരിയായി അവരുടെ മുമ്പിൽ നിൽക്കുന്നു. അതു കൊണ്ട് എന്നോടുള്ള സമീപനം മാറേണ്ടിവരുമെന്ന് അവർക്ക് തോന്നിത്തുടങ്ങിയതും ഞാൻ മനസ്സിലാക്കി. ഇപ്പോഴാണ് എനിക്ക് ഒന്നു തീർച്ചയായത്, പരിഭ്രമം എന്റെ ഭാഗ ത്തുനിന്നു മാത്രമായിരുന്നില്ല. രണ്ടു ഭാഗത്തും അതുണ്ടായിരുന്നു.

തുടക്കത്തിൽ ഇത് എനിക്ക് അറിയില്ലായിരുന്നു. ഇതു കാരണം ഞാൻ തീരെ തളർന്നു ദുഃഖിച്ചു. അഞ്ചുനേരവും മറ്റും ഞാൻ അന്നൊക്കെ കളിച്ചിരുന്നു. എന്തിനെന്നോ, ആരുമറിയാതെ കരയാൻ. ഇത്രയും വേദനിക്കേണ്ട കാര്യം വല്ലതുമുണ്ടോ? ഇത്ര വലിയ തെറ്റിദ്ധാരണ വരാൻ കാര്യം വല്ലതുമുണ്ടോ? എല്ലാം മതിയാക്കി മടങ്ങിപ്പൊയ്ക്കളഞ്ഞാലെന്ത് എന്നു വരെ ഞാൻ ആലോചിച്ചു എങ്ങനെയെന്നറിയില്ല അവസാന നിമിഷം എന്തെങ്കിലുമൊരു അത്ഭുതം സംഭവിക്കും. അതുകണ്ട് ഞാൻ ചിരിക്കും. പിന്നെയും താമസം തുടരും. പ്രശ്നമിങ്ങനെ ആവിയായിപ്പോയി; തകരാറെപ്പോഴും എന്റേതായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുകയും ചെയ്തു. പൊരുത്തപ്പെടേണ്ടതും പഠിക്കേണ്ടതും ഇടപഴകേണ്ടതും എന്റെ ആവശ്യമായിരുന്നല്ലോ. എന്റെ സ്വന്തം സംസ്കാരനിഷ്കർഷയുടെ മാനസികമായ ഭാണ്ഡഭാരം വലിച്ചു ദൂരത്തെറിയുവാൻ ഞാൻ രണ്ടും കല്പിച്ച് ശ്രമിച്ചു; അഭിപ്രായ രൂപീകരണം എന്റെ സാംസ്കാരിക പാരമ്പര്യത്തിന്റെ കാഴ്ചപ്പാടിൽ നിന്നല്ലാതെ വ്യക്തിനിഷ്ഠമായ അനുഭവങ്ങളുടെ വെളിച്ചത്തിലൂടെയാകാനും ശ്രമിച്ചു. ഇതത്ര എളുപ്പമൊന്നുമായിരുന്നില്ല. അതുകൊണ്ട് ദൃഢമായ അടിസ്ഥാന സങ്കല്പത്തിൽ ഞാൻ പിടിച്ചു നിന്നു പരിസരവുമായി ഇണങ്ങാൻ തീർച്ചയായും സാദ്ധ്യമാണ്. എന്തൊക്കെയായാലും എന്റെ ചുറ്റും ഉള്ള ജനങ്ങൾക്ക് ജീവിതരീതിയെന്നത് ഒരു ജീവിതരീതി മാത്രമാണല്ലോ.

ഞാൻ പഠിച്ചത് മുക്കാലും അനുകരിച്ചും നിരീക്ഷിച്ചുമായിരുന്നു. പിന്നെ മിച്ചം നിന്നത് ചെയ്തും അതിലെ തെറ്റു തിരുത്തിയും വീണ്ടും ചെയ്തും പഠിക്കേണ്ടതായിരുന്നു. ചെയ്തത് തെറ്റായിപ്പോയല്ലോ എന്ന് തിരിച്ചറിയാൻ വളരെ വൈകിയേ കഴിഞ്ഞിരുന്നുള്ളൂ. പ്രാദേശിക വിശ്വാസങ്ങൾ, ആചാരങ്ങൾ, അന്ധവിശ്വാസങ്ങൾ എന്നിവയുടെ കാര്യത്തിലാണ് ഈ പ്രയാസം പ്രത്യേകിച്ചും നേരിട്ടത്. ഒരു രാത്രിയിൽ ഞാൻ കാൽ തെക്കോട്ടുവച്ച് കിടക്കുകയായിരുന്നു. ഇതു കണ്ട് വീട്ടിലുള്ളവർ ബഹളമുണ്ടാക്കി എന്നെ ശാസിച്ചു — എന്താ, ശവം വല്ലതുമാണോ തെക്കോട്ടു കാലും വച്ച് കിടക്കാൻ? ഒരു സന്ധ്യയ്ക്ക് ഞാൻ വീട്ടുപടിക്കലിറങ്ങി നിൽക്കുകയായിരുന്നു. അതിനും കിട്ടി എനിക്ക് ശകാരം. അങ്ങനെയൊരു സ്ഥലത്ത് അങ്ങനെയൊരു സമയത്ത് നിന്നാൽ അതു പിശാചുക്കളെ ആകർഷിക്കും എന്നാണ് എനിക്ക് കിട്ടിയ താക്കീത്. ഞാൻ തുലഞ്ഞുപോകണമെന്നൊന്നും അവർക്കില്ലല്ലോ എന്ന് ആശ്വാസചിന്തയാണോ വേണ്ടത്. അതോ ഞാൻ തന്നെ ഒരു പിശാചാണോ എന്നു കരുതണമോ എന്നൊന്നും എനിക്ക് വ്യക്തമല്ല. ഇത്തരം വിശ്വാസങ്ങളെ പുലർത്തുന്നതു സാംക്രമികമാണെന്ന് ഞാൻ അധികം വൈകാതെ മനസ്സിലാക്കി. വീട്ടിൽ താമസിച്ച ശേഷം പെട്ടെന്ന് അവിടെനിന്നിറങ്ങാൻ ഞാൻ മടിച്ചുതുടങ്ങി. രാവിലെ പുറപ്പെടുമ്പോൾ എതിരെ ഒരു പൂച്ചയോ മറ്റോ വരുന്നത് കണ്ടാൽ ഞാൻ പേടിച്ചു വീട്ടിൽ കയറിത്തുടങ്ങി. പശുവിന്റെ പിൻഭാഗമോ, ശ്മശാനത്തിലേയ്ക്ക് ശവം കൊണ്ടുപോകുന്നതോ യാത്ര ചെയ്യുന്നതിനു മുമ്പ് കണ്ടാൽ മംഗളമാണെന്ന് കരുതി ഞാൻ ആഹ്ലാദിക്കാൻ തുടങ്ങി. ചൊവ്വാഴ്ചകളിൽ കോടി വസ്ത്രം വാങ്ങിക്കൂടെന്നും അണിഞ്ഞുകൂടെന്നും ഞാൻ പഠിച്ചു. ആരുടെയെങ്കിലും പിറന്നാൾ വരുമ്പോൾ എത്ര വയസ്സായി എന്ന് ആ വ്യക്തിയോടു ചോദിക്കാതിരിക്കാൻ ഞാൻ ശ്രദ്ധിച്ചു. സന്ധ്യ കഴിഞ്ഞാൽ സൂചി കടം വാങ്ങിക്കൂടെന്ന് ഞാൻ അറിഞ്ഞു. രണ്ടാളുമൊത്ത് വീട്ടിൽനിന്നു യാത്ര പുറപ്പെടാതായി.

ചൊവ്വ, ശനി ദിവസങ്ങളിൽ ഞാൻ തലയിൽ എണ്ണ തേച്ചു. ചുരുക്കത്തിൽ, ശുഭകരമേത് അശുഭകരമേത് എന്ന് മറ്റുള്ളവരെപ്പോലെല്ലാം എനിക്കും അറിവും ജാഗ്രതയുമുണ്ടായി.

ക്ഷേത്രത്തിൽ പ്രവേശിക്കാൻ എനിക്ക് മടിയായിരുന്നു. കാരണം മറ്റൊന്നുമല്ല. ക്ഷേത്രത്തിനകത്തെ എന്റെ സാന്നിദ്ധ്യം തന്നാട്ടു വികാരങ്ങൾക്ക് സഹിക്കാനാവില്ല എന്നു ഞാൻ അറിഞ്ഞു. അങ്ങനിരിക്കെ, എനിക്ക് ക്ഷേത്രപ്രവേശനമാകാമെന്ന ഓദ്യോഗികാനുമതി വന്നത് ഒരു വാർത്തയായി. ആ വാർത്ത വായിച്ച് ഞാൻ താമസിക്കുന്ന വീട്ടിനു ചുറ്റും നിന്ന് പത്തിരുപത്തഞ്ചു സ്ത്രീകൾ എന്നെ കാണാൻ വന്നു. പെട്ടെന്നാണവർ കയറിവന്നത്. അവർക്കു നടുവിൽപ്പെട്ട ഞാൻ മൃഗശാലയിലെ ഒരു കാഴ്ചവസ്തുപോലെ നിൽക്കേണ്ടി വന്നു. അവരുടെ നേതാവ് ആ വാർത്ത വായിച്ചു കേൾപ്പിക്കവേ, മറ്റുള്ളവർ അംഗപ്രത്യംഗം എന്നെ നിരീക്ഷിക്കുന്നത് സഹിക്കേണ്ടിയും വന്നു. ക്ഷേത്രത്തിൽ കയറിയാൽ എന്തൊക്കെയാണു ചെയ്യേണ്ടതെന്ന് ആരും എനിക്കു പറഞ്ഞുതന്നില്ല. അതിനാൽ എനിക്കു വലിയ പേടിയായി; കാലെങ്ങാനും തെറ്റി വച്ചുപോകുമോ! പക്ഷേ, പയ്യെ എല്ലാം പരിചയപ്പെട്ടു. അതോടെ എന്റെ വെപ്രാളവും തീർന്നു. എന്നുമാത്രവുമല്ല ഒരു ശക്തിയും എനിക്കുണ്ടായി. പവിത്രമായ ചടങ്ങുകൾ നടക്കുന്ന ശ്രീകോവിലിനു സമീപത്തേക്ക് എന്റെ ജോലി എന്നെ കൊണ്ടു ചെന്നെത്തിക്കുമല്ലോ എന്ന ചിന്തകാരണം, എന്നോടൊപ്പമുള്ളവരെ ഒട്ടും അലോസരപ്പെടുത്തിക്കൂടെന്നത് ഞാൻ പരമപ്രധാനമായി എടുത്തു. വിശ്വാസം വിലയ്ക്കു വാങ്ങാവുന്നതല്ല; നിർബന്ധിച്ചു പിടിച്ചെടുക്കാവുന്നതുമല്ല. ആളുകളുടെ ചിന്താക്കുഴപ്പവും ആശങ്കളും അകറ്റണമെങ്കിൽ, അവരിൽ ഒരാളെപ്പോലെ ഞാൻ പെരുമാറിയേ തീരൂ. ഇങ്ങനെ എനിക്ക് അവരിലൊരാളായി പരിഗണന കിട്ടി. അവരിലൊരാളെപ്പോലെ തന്നെ ഞാൻ പെരുമാറുമെന്ന് അവരെല്ലാം കരുതുകയും ചെയ്തുവെങ്കിൽ എന്നോടു കുറേക്കൂടി അടുപ്പം കാണിച്ചേനെ — ഒരു പക്ഷേ, ഞാൻ തിരഞ്ഞെടുത്തത് വിദേശിയായി കഴിയുന്ന രീതി ആയിരുന്നില്ല. ബോധപൂർവ്വമല്ല. എന്റെ ജോലിയും ദേശമര്യാദകളും തമ്മിൽ ചിലപ്പോഴെങ്കിലും പൊരുത്തമില്ലാതെ വന്നിട്ടുണ്ട്. ആദ്യ നാളുകളിൽ ചിലപ്പോഴൊക്കെ ഞാൻ ചില ചടങ്ങുകൾക്ക് മനഃപൂർവ്വം പോയില്ല. എന്തിന് എന്റെ സാന്നിദ്ധ്യം കൊണ്ട് വെറുതേ തെറ്റിദ്ധാരണകൾക്ക് ഇടം കൊടുക്കണം എന്നു കരുതിത്തന്നെയാണിത്. ഈ ധർമ്മസങ്കടത്തിന്റെ മികച്ച ഉദാഹരണം കൊടുങ്ങല്ലൂർ ഭരണി ഉത്സവമാണ്. പ്രസിദ്ധമായ ഒരു ഉത്സവമാണത്. ആയിരക്കണക്കിന് ആരാധകർ വന്ന് പാട്ടുപാടുന്നതാണ് പ്രധാന ചടങ്ങ്. പാട്ട് എന്താണെന്നോ? കൊടുങ്ങല്ലൂർ ഭഗവതിയുടെ ലൈംഗികമായ ഇഷ്ടങ്ങളും ഇഷ്ടക്കേടുകളും വ്യക്തമായി വിവരിക്കുന്ന പാട്ടുകൾ. ഈ പൂരപ്പാട്ടു നടക്കുമ്പോൾ 'അന്തസ്സുള്ള' ഒറ്റ സ്ത്രീയും ക്ഷേത്രത്തിനടുത്തെങ്ങും പോവുകയില്ല. ഞാനും അത്തരം ഒരു സ്ത്രീയായി പരിഗണിക്കപ്പെടാൻ യോഗ്യത നേടിക്കഴിഞ്ഞതിനാൽ ഈ ഉത്സവം എനിക്ക് അപ്രാപ്യമായിരുന്നു. ഭഗവതി പൂജ സംബന്ധിച്ച് വലിയ പ്രാധാന്യമുള്ള ഈ ഉത്സവം പല വർഷങ്ങൾ കാണണ്ടാ എന്നു വയ്ക്കുവാൻ തന്മൂലം ഞാൻ നിർബന്ധിതയായി. ഓരോ വർഷവും വരും; ഈ ഉത്സവം വരും; പങ്കെടുക്കാൻ കഴിയാത്തതുമൂലം എന്റെ ജോലി മുഴുവനാകുന്നില്ലല്ലോ എന്ന് മൂകമായ നിരാശയിൽ ഞാൻ സ്വയം ശാസിച്ചുകഴിയും. ഞാൻ സ്വയം അടിച്ചേല്പിച്ച ഈ ക്ഷമയ്ക്ക് അവസാനം ഫലം ഉണ്ടായി.

ഈ ഉത്സവവുമായി ഉറ്റ ബന്ധമുള്ള ഒരു കുടുംബത്തെക്കുറിച്ച് ഞാനറിഞ്ഞു. അവരുടെ തറവാട് ക്ഷേത്രത്തിനു സമീപമാണ്. ഒട്ടേറേ തീർത്ഥാടകർ ആ തറവാടും സന്ദർശിക്കും; പക്ഷേ അവിടെ ആ പാട്ട് — പൂരപ്പാട്ട് — പാടാൻ പറ്റില്ല. അത് നിരോധിച്ചിട്ടുള്ളതാണ്. അങ്ങനെ, എനിക്ക് ആ തറവാട്ടിൽ പോയി അവിടത്തെ ചടങ്ങുകളിൽ അന്തസ്സോടെ തന്നെ പങ്കെടുക്കാമെന്നായി.

അറച്ചറച്ചാണ് ഞാനവിടെ എത്തിയത്. പക്ഷേ എനിക്ക് യാതൊരു പ്രയാസവും അവിടെ ഉണ്ടായില്ല. ആശ്വാസമായി. എങ്കിലും എന്റെ ശാന്തിയെ ഭഞ്ജിക്കാൻ ഒരു കഠിനപരീക്ഷണം കിടപ്പുണ്ടായിരുന്നു — തുറസ്സായ ക്ഷേത്രക്കുളത്തിലെ മുങ്ങിക്കുളി. പലതവണ ആ മുങ്ങിക്കുളിയിൽനിന്ന് ഞാൻ തെന്നിമാറി. എങ്കിലും ഉപബോധത്തിൽനിന്ന് ഒരു ഭീതി എന്നെ കരണ്ടു തിന്നു; എന്റെ ഈ ജീവിതരീതി അവസാനം എന്നെ ക്ഷേത്രക്കുളത്തിൽ ചാടിക്കുകതന്നെ ചെയ്യുമല്ലോ എന്നത്. ഇതു മനസ്സിലാക്കിക്കൊണ്ട് ഞാൻ, ഒരു സൂത്രമെടുത്തു; കുളിക്കടവിനെ ചിത്രങ്ങളെടുക്കുന്നതിൽ എനിക്കു താല്പര്യമില്ലെന്നുനടിച്ചു. എങ്കിലും കുളിക്കടവിലെ കുളി രീതിയെപ്പറ്റി വിവരങ്ങൾ ശേഖരിക്കാൻ ഞാൻ ശ്രമിച്ചു കൊണ്ടിരുന്നു. സ്ത്രീകൾ എങ്ങനെയാണ് ദേഹം കഴുകുന്നത്? കുളി കഴിഞ്ഞ് അവർ എങ്ങനെയാണ് വസ്ത്രം മാറുന്നത്? എനിക്കേറ്റവും കൂടുതൽ അറിയേണ്ടിയിരുന്നത് അവർ എങ്ങനെ ആ തുറന്ന കടവിൽ വസ്ത്രം അഴിച്ചിടും എന്നതും എത്രമാത്രം അഴിച്ചിടും എന്നതു ആയിരുന്നു. എന്റെ ഈ വെപ്രാളം മനസ്സിലാക്കാൻ കഴിയുമായിരുന്നു, നഗരവാസികളായ ചില സുഹൃത്തുക്കളോട് ഞാനിത് തുറന്നു ചോദിക്കുകപോലും ചെയ്തു. എന്നാൽ അവരുടെ ഉത്തരം എന്നെ തൃപ്തിപ്പെടുത്തിയതേ ഇല്ല.

മനോഹരമായ ഒരു പ്രഭാതത്തിൽ എന്റെ ഭാഗ്യം അസ്തമിച്ചു. തൃപ്രയാർ ശ്രീരാമക്ഷേത്രത്തിനരികിൽക്കൂടി ഒഴുകുന്ന പുഴയുടെ ഓരത്തുവച്ച്, ആ കുടുംബക്കാർ, മണ്മറഞ്ഞ പൂർവ്വികനു വേണ്ടി ഒരു ബലികർമ്മം നടത്തുകയാണ്. "കർമ്മം തുടങ്ങും മുമ്പേ നമുക്കെല്ലാം പുഴയിൽ കുളിക്കണം, അവർ എന്നെക്കൂടിച്ചേർത്ത് പറഞ്ഞു. ഞാനാസകലം ഭയന്ന് വിറച്ചു. പക്ഷേ ഉടനെ ഒരു രക്ഷാമാർഗ്ഗവും കണ്ടു. ഒരു കുടുംബാംഗം പോലെയാണ് നിങ്ങളെന്നെക്കരുതുന്നത്. അതിലെനിക്ക് സന്തോഷവുമാണ്. പക്ഷേ വാസ്തവത്തിൽ ഞാൻ കുടുംബാംഗമല്ലല്ലോ. അതിനാൽ ഞാൻ പുഴയിലിറങ്ങി കുളിക്കണമെന്നില്ല... ഇങ്ങനെ ഞാൻ പറഞ്ഞു. "ആണ്." അവരിലൊരാൾ മറുപടി പറഞ്ഞു. "പക്ഷേ, നിങ്ങളുടെ കുടുംബത്തിലും മരിച്ചവരുണ്ടല്ലോ. അവർക്കായി ഒരു പൂജ ആയാലെന്താ?" എനിക്കു വാക്കു മുട്ടി. ഞാൻ സമ്മതിച്ചു. എന്നാൽ എന്റെ ഉള്ള് നിയന്ത്രണം വിട്ടു വിറച്ചു. ക്ഷേത്രോത്സവങ്ങൾക്ക് വസ്ത്രമണിഞ്ഞുതന്നെ ഞാൻ ചെല്ലുമ്പോൾ അതു കാണാൻ തല്പരരായി ആൾക്കൂട്ടം വന്നടുക്കുന്നത് ഞാൻ ഓർത്തുപോയി. എന്നിരിക്കെ പുഴയിലെ കുളി ഉളവാക്കുന്ന ജിജ്ഞാസ എത്രയോ തീക്ഷ്ണമാകാം, അമ്പരപ്പിക്കുന്നതുമാകാം. കടുത്ത വെറുപ്പോടെ ഞാൻ ആ പുഴയെ നോക്കി. ഞാൻ പൊട്ടിക്കരഞ്ഞില്ലെന്നേയുള്ളൂ. പുഴക്കരയിൽ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും പ്രത്യേകം കടവുകളുണ്ടെന്നത് ഞാൻ മനസ്സിലാക്കി എന്നു മാത്രമല്ല, കുളിക്കുന്ന സ്ത്രീകളിൽ നിരവധിപേരും മുലക്കച്ചപോലും ഇല്ലതെയാണെന്നും കണ്ടു. എനിക്ക് ധൈര്യം വന്നു. അക്ഷരാർത്ഥത്തിൽ രണ്ടും കല്പിച്ച് ഞാൻ ഇറങ്ങാൻതന്നെ തീരുമാനിച്ചു.

ഭയന്നു വിറച്ചുകൊണ്ടാണെങ്കിലും ഞാനൊരു പ്രഖ്യാപനം നടത്തി. ഞാനുമിതാ വരുന്നു. പക്ഷേ, അതു കേൾക്കാൻ ആരുമുണ്ടായിരുന്നില്ല അവരെല്ലാം എപ്പോഴേ വെള്ളത്തിൽ ചാടിക്കഴിഞ്ഞിരിക്കുന്നു. ഇങ്ങനെ ധീരമായ പ്രഖ്യാപനമൊക്കെ നടത്തിയെങ്കിലും ഞാൻ പുഴവെള്ളത്തെ സമീപിച്ചത് തൂക്കിലേറ്റാൻ വിധിക്കപ്പെട്ടയാൾ തൂക്കുമരത്തെ സമീപിക്കുമ്പോലെയായിരുന്നു. പുഴയുടെ വിളുമ്പിൽ, ആളുകൾ നിറഞ്ഞ പടികളിൽ ഞാനൊന്നു നിന്നു ചുറ്റും നോക്കി. ആരും അശേഷവും എന്നെ ശ്രദ്ധിക്കുന്നില്ല. ഇപ്പോൾ വെള്ളമിതാ, എന്നെ മാടിവിളിക്കുന്നു. മാറ്റേണ്ട വസ്ത്രങ്ങളെല്ലാം ഇതിനിടയിലെപ്പോഴോ ഞാൻ മാറ്റിയിരുന്നു. മറ്റു പെണ്ണുങ്ങൾ ആർത്തുചിരിച്ചു. എന്റെ നേരെവെള്ളം വാരിയെറിഞ്ഞു. അവർ എനിക്കു ചുറ്റും ആഹ്ലാദത്തോടെ താറാവുകളെപ്പോലെ നീന്തിത്തുടിച്ചു. വെറുതേ, ഞാൻ വെപ്രാളപ്പെട്ടതോർത്ത് എനിക്ക് ഇളിഭ്യത തോന്നി. എങ്കിലും അതിന്റെ ആന്റിക്ലൈമാക്സ് ആശ്വാസകരമായി.

പുഴക്കരയിലെ പൂജപോലും അനായാസം ഞാൻ നടത്തി. ചുറ്റും മറ്റുള്ളവർ ചെയ്യുന്നതിനെ അനുകരിച്ച് ഒരു കൊച്ചു വാഴയിലയിൽ ഇട്ട് ഞാൻ ബലിച്ചോറും ധാന്യങ്ങളും അർച്ചനചെയ്തു. ഇനിയുമുണ്ട് ഒരു പരീക്ഷണം. അവസാനത്തേത്. ഇലയിൽ കൊണ്ടുവച്ച ചോറെടുക്കാൻ കാക്കയുടെ രൂപത്തിൽ പരേതാത്മാവ് വരണം. കാക്ക വന്നില്ലങ്കിൽ പൂജ തെറ്റിച്ചുവെന്നും പിതൃക്കൾ നീരസത്തിലാണെന്നും വരുമെന്നാണ് വിശ്വാസം. ഒരു വലിയ ബലിക്കാക്ക ഞാൻ നേദിച്ച ചോറിനു മേൽ വന്നിരുന്നു. സന്തോഷവുമായി.

ചില രംഗങ്ങളിൽ ഞാൻ സ്വീകാര്യയാവുന്നു എന്നുള്ളതിന്റെ സൂചന വളരെ വിചിത്രമായ ഒരു രീതിയിലാണ് ഉണ്ടായത്. അതൊരു കുഗ്രാമമാണ്. ആദ്യം തൊട്ടേ എനിക്കിവിടം ഇഷ്ടമായി. അവിടത്തെ ആളുകളുടെ നൈസർഗ്ഗികമായ മനോസൗന്ദര്യവും അന്തസ്സും എന്നിലെ അന്യത അകറ്റി; എനിക്ക് സ്വാസ്ഥ്യം നല്കി. ഒരു ജന്മാന്തര സ്മൃതിയിലെന്നപോലെ ആ സ്ഥലം എനിക്ക് പരിചയമായിരുന്നു. അവിടെ ഞാൻ ചെന്നുപെട്ട കുടുംബം മകളെയോ സഹോദരിയെയോ എന്നപോലെയാണ് എന്നെ കരുതിയത്. ഞാനും അങ്ങനെ പെരുമാറണമെന്ന് അവർ പറഞ്ഞു. എന്നോടുള്ള ഇടപെടലിൽ നിന്ന് അവരുടെ ഈ മനോബന്ധം വ്യക്തമായി. ആ കുടുംബത്തിലുള്ളവരെല്ലാം കുളിക്കുന്നത് ഒരു കുളത്തിൽ നിന്നാണ്. ഒരു സന്ധ്യക്ക് കുളത്തിലെ കുളിയും കഴിഞ്ഞ് ഞാൻ വീട്ടിലേക്ക് മടങ്ങി. ഞാൻ പതിവിലും ലേശം വൈകിപ്പോയിരുന്നു. ഇരുട്ടു വീണു കഴിഞ്ഞുവെങ്കിലും വഴിയിൽ പൂർണ്ണചന്ദ്രൻ എനിക്ക് കൂട്ടുണ്ടായിരുന്നു. എനിക്കെന്തുപറ്റിയെന്നറിയാതെ ആ വീട്ടുകാർ മുഴുവനും അവിടെ വെപ്രാളത്തോടെ നിൽക്കുന്നതു കണ്ടു. ആ കുടുംബം ഒരു ബ്രഹ്മരക്ഷസ്സിന്റെ പരിരക്ഷയിലാണത്രെ. അവർക്ക് ഞാൻ കുടുംബത്തിലെ ഒരംഗമാണെങ്കിലും ബ്രഹ്മരക്ഷസ്സ് അങ്ങനെ എടുക്കുമോ എന്നതായിരുന്നു അവരുടെ സന്ദേഹം. ആ ബഹ്മരക്ഷസ്സിനെ ആ വീട്ടുകാരൊഴിച്ചുള്ളവർക്ക് കാണാൻ കഴിയും. ഇങ്ങനെയൊരു ബ്രഹ്മരക്ഷസ്സുണ്ടെന്ന കാര്യം എനിക്കറിയില്ലല്ലോ. ഞാനെങ്ങാനും ആ രക്ഷസ്സിനെ കണ്ടാൽ ഭയന്നു ഞെട്ടിപ്പോകുമല്ലോയെന്ന ആശങ്കയായിരുന്നു അവരുടേത്.

അസാധാരണയായി വല്ലതും കാണുമ്പോൾ, എപ്പോൾ ചിരിക്കാതിരിക്കണമെന്ന് അറി

ഞ്ഞേ തീരൂ. അതുപോലെതന്നെ പ്രധാനമാണ് ഇമ്മാതിരി സന്ദർഭങ്ങളിൽ എപ്പോൾ ചിരിക്കണമെന്നറിയുന്നതും. നഷ്ടപ്പെട്ട ഭാരം വീണ്ടെടുത്തശേഷം ഞാൻ ഒരു ഗ്രാമത്തിലേക്ക് മടങ്ങിച്ചെല്ലുകയായിരുന്നു. അപ്പോഴും ഞാൻ അവശയായിരുന്നു. എങ്കിലും എന്നെ കണ്ട ഒരാൾ പറഞ്ഞു. മദാമ്മ വല്ലാതെ തടിച്ചിട്ടുണ്ടല്ലോ.

കാലവർഷക്കാലത്തൊരിക്കൽ ഞാൻ എഴ് മൈൽ ഒരു ഗ്രാമത്തിലൂടെ മഴയും നനഞ്ഞു നടന്നു. തിരിച്ചെത്തുന്നതിനു തൊട്ടുമുമ്പ് തിരിഞ്ഞുനോക്കിയപ്പോൾ ഞാൻ കണ്ടത് എന്റെ സാരിയുടെ പിൻഭാഗമാകെ മണ്ണിന്റെ ചെങ്കാലിനിറം പുരണ്ടിരിക്കുന്നതാണ്. ഞാൻ അത് സാരമാക്കിയില്ല. പിന്നീട്, ഞാൻ ആദ്യം കണ്ടയാൾ എന്നോടു പറഞ്ഞു — എല്ലാവരും നിങ്ങളെ നോക്കി ചിരിക്കുന്നുണ്ടല്ലോ മദാമ്മേ, അഭിമാനബോധം ഇമ്മാതിരി സന്ദർഭങ്ങളിൽ സംരക്ഷിക്കപ്പെടുന്നത് പരിഹാസത്തെ കുറിക്കുന്ന നമ്മുടെ പ്രത്യേക ബോധമാണ്. എന്നെ ഇങ്ങനെ കാഴ്ച വസ്തുവായി കണക്കാക്കിയാൽ അതിന് ഞാൻ കൂലി ഈടാക്കുമെന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഞാൻ ഉൽസവത്തിൽ പങ്കെടുക്കുന്നതു കാണാൻ പത്തു പൈസ, ഞാൻ ഭക്ഷണം കഴിക്കുന്നതു കാണാൻ ഒരു രൂപ, ഞാൻ കാറോടിക്കുന്നതു കാണാൻ അഞ്ചു രൂപ, എന്റെ പുഴയിലെ കുളി കാണാൻ നൂറു രൂപ. എന്നെ മാഡം എന്നോ മദാമ്മയെന്നോ ആണ് വിളിക്കാറുണ്ടായിരുന്നത്. ആദ്യമൊക്കെ ഞാൻ കരുതിയത് ഇതൊരു അവഹേളനമായിട്ടാണ്. ഒരുപാടുനാൾ കഴിഞ്ഞാണ് ഞാൻ കാര്യം മനസ്സിലാക്കിയത്. മദാമ്മ എന്നത് ഇംഗ്ലീഷിലെ മാഡം എന്ന വാക്ക് സൂചിപ്പിക്കുന്ന പ്രത്യേക അർത്ഥങ്ങളൊന്നുമല്ല. മദാമ്മ എന്നത് ഇവിടെ ഒരു സ്ഥാനപ്പേരാണ്; അല്ലെങ്കിൽ ഒരു പേര്.

എന്റെ ഈ അനുഭവങ്ങളുടെയെല്ലാം അന്തിമഫലം ഒരു കായങ്കുളം വാളുപോലെയാണ്. ഈ അനുഭവങ്ങൾക്കായി ഞാൻ വില കൊടുക്കേണ്ടിവന്നു. എന്റെ സംസ്കാരത്തിന്റെ പ്രത്യേകതകൾ എനിക്കു നൽകിയിരുന്ന പരിരക്ഷ എന്നെന്നേക്കുമായി ഇല്ലാതായി പകരമുള്ളത് ആശയക്കുഴപ്പമാണ്. പിന്നെ, എന്റെ സ്വന്തം രാജ്യത്ത് ഞാൻ ഇപ്പോൾ ഒരന്യയുമായി. ഇംഗ്ലണ്ടിൽ ചെല്ലുമ്പോൾ എനിക്കു ചുറ്റുമൊരു മുഖംമൂടി ഇറങ്ങി വരും. എന്റെ അനുഭവങ്ങൾ എത്രയോ തീവ്രങ്ങളാണ്. അവ എന്നെ എന്നെന്നേക്കും സ്വാധീനിച്ചേ പറ്റൂ. ചിലപ്പോഴൊക്കെ എന്നെ വല്ലാത്തൊരു എകാന്തത വന്നു മൂടും. കാലം കുറേ ചെല്ലുമ്പോൾ ഈ ആശയക്കുഴപ്പം മാറുമായിരിക്കാം, മാറിയാലും ശരി, മാറിയില്ലെങ്കില്ലും ശരി കേരളത്തിൽ ഞാൻ കഴിച്ച കാലത്തെക്കുറിച്ച് എനിക്ക് ഒരിക്കലും ഒരു കുണ്ഠിതവും ഉണ്ടാവുകയുമില്ല.

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA